പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5050 — 15/11/2019- ൽ മറുപടിയ്ക്ക്

## ജൈവകൃഷി പരിപോഷിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഗുണനിലവാരമുള്ള പച്ചക്കറികളും പഴങ്ങളും പൊതുജനങ്ങൾക്ക് വിലക്കുറവിൽ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഗുണനിലവാരമുള്ള പച്ചക്കറികളും പഴങ്ങളും പൊതു ജനങ്ങൾക്ക് വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി ഹോർട്ടികോർപ്പ് സംസ്ഥാനത്തുടനീളം സസ്യ സൂപ്പർമാർക്കറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹോർട്ടി കോർപ്പിന്റെ കീഴിൽ 98 സ്വന്തം സ്റ്റാളുകളും 257 ഫ്രാഞ്ചൈസി സ്റ്റാളുകളും പ്രവർത്തിച്ചു വരുന്നു. ഈ സ്റ്റാളുകളിലൂടെ കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക വിപണികൾ എന്നിവിടങ്ങളിൽ നിന്നും പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു. |
| (ബി) ഹോർട്ടികോർപ്പിന്റെ പഴം പച്ചക്കറി വിപണന കേന്ദ്രം വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) ഹോർട്ടികോർപ്പിന്റെ സംഭരണ കേന്ദ്രം വയനാട് ജില്ലയിലെ അമ്മായി പാലത്ത് പ്രവർത്തിച്ചു വരുന്നു. സുൽത്താൻബത്തേരിയിൽ ഒരു വിപണന കേന്ദ്രവും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) കൽപ്പറ്റ മണ്ഡലത്തിൽ ഗുണനിലവാരമുള്ള പഴങ്ങളും പച്ചക്കറികളും വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഹോർട്ടികോർപ്പിന്റെ വിപണനകേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) കൽപ്പറ്റ മണ്ഡലത്തിൽ ഹോർട്ടികോർപ്പ് പച്ചക്കറി വിപണന കേന്ദ്രം ആരംഭിക്കുവാൻ സന്നദ്ധമാണ്. അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. |

Sreelatha

സെക്ഷൻ ഓഫീസർ